(ഇ) ജീവനക്കാർ, മറ്റ് ഓഫീസ് ക്രമീകരണങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനാവശ്യമായ നിർദ്ദേശം ബോർഡിന് നൽകിയിട്ടുണ്ട്.

(എഫ്) സ്പോട്ട് ബില്ലിംഗ് സമ്പ്രദായം കൂടുതൽ കാര്യക്ഷമമാക്കാനായി കംപ്യൂട്ടർവൽക്കരണപദ്ധതി നടപ്പിലാക്കാൻ ബോർഡിന് ഉദ്ദേശമുണ്ട്. കംപ്യൂട്ടർ ഉപയോഗിച്ചുള്ള സ്പോട്ട് ബില്ലുകൾ, ഡിമാന്റ് കളക്ഷൻ, സ്റ്റേറ്റ്മെന്റ് എന്നിവ പരീക്ഷണാടിസ്ഥാനത്തിൽ സംസ്ഥാനത്തെ 5 സെക്ഷനുകളിൽ നടപ്പിലാക്കാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്.

## ജപ്പാൻ സഹായത്തോടുകൂടി സംസ്ഥാനത്ത് ആരംഭിച്ച ശുദ്ധജലവിതരണ പദ്ധതികൾ

18(*47) ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ടി. എം. ജേക്കബ് :
ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജപ്പാൻ സഹായത്തോടെ ഒ.ഇ.സി.എഫ് സംസ്ഥാനത്ത് ആരംഭിക്കാൻ അനുമതി ലഭിച്ച ശുദ്ധജലവിതരണ പദ്ധതി ഇതുവരെ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ; ഇത് സംബന്ധമായി സി.ബി.ഐ. എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) കേരള വാട്ടർ അതോറിറ്റി എത്ര ഫയലുകൾ സി.ബി.ഐ. യുടെ പരിശോധനയ്ക്ക് നൽകി ; സി.ബി.ഐ. ആവശ്യപ്പെട്ട മുഴുവൻ ഫയലുകളും വാട്ടർ അതോറിറ്റി നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) ഇത് സംബന്ധമായ കേസ് നിലവിലുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള):

(എ) ഒ.ഇ.സി.എഫും കേന്ദ്രഗവൺമെന്റും തമ്മിലുണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾക്ക് കൺസൾട്ടിന്റിനെ നിയമിക്കേണ്ടതുണ്ട്. കൺസൾട്ടന്റിന്റെ നിയമനം പൂർത്തീകരിക്കാത്തതാണ് പദ്ധതി ആരംഭിക്കാത്തതിന്റെ കാരണം. ഇത് സംബന്ധിച്ച് സി.ബി.ഐ. ഉദ്യോഗസ്ഥർ ഒരു പെറ്റീഷന്റെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റിയിലെ ചില ഫയലുകൾ പരിശോധിക്കുകയുണ്ടായി.

(ബി&സി) ഒ.ഇ.സി.എഫ് പദ്ധതികളുടെ നിർവ്വഹണത്തിനായുള്ള കൺസൾട്ടന്റിന്റെ നിയമനം സംബന്ധിച്ച ജല അതോറിറ്റിയുടെ ചില ഫയലുകൾ സി.ബി.ഐ ഉദ്യോഗസ്ഥർ പരിശോധിച്ചിട്ടുണ്ട്. എന്നാൽ രേഖാമൂലം ആവശ്യപ്പെട്ട ഫയലിലെ രേഖകൾ കൈമാറിയിട്ടില്ല. പെറ്റീഷന്റെ പുറത്തുള്ള അന്വേഷണമായതിനാലും ഗവൺമെന്റ് ബോണ്ടുകളുടെ നിർദ്ദേശമില്ലാത്തതുകൊണ്ടുമാണ് ഫയലുകൾ കൈമാറാതിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. എ.വി.താമരാക്ഷൻ, എം.എൽ.എ കൺസൾട്ടന്റിന്റെ നിയമനം സംബന്ധിച്ചും മറ്റും സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് ഒരു ഒ.പി.ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്നു. പ്രസ്തുത ഒ.പി. 30-06-2000-ലെ വിധിന്യായത്തിലൂടെ ബഹുമാനപ്പെട്ട ഹൈക്കോടതി തള്ളി. ഇതിനെതിരെ പ്രൊഫ. എ. വി. താമരാക്ഷൻ, എം.എൽ.എ സമർപ്പിച്ച റിട്ട് അപ്പീൽ ഇപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്.

**താപവൈദ്യുതി നിലയങ്ങൾ ആരംഭിക്കുന്നതിന് ഇന്ധനം**

19(*48) ശ്രീ. കെ. സുധാകരൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം താപവൈദ്യുതി നിലയങ്ങൾ സ്ഥാപിക്കുന്നതിനായി സംസ്ഥാനത്തിന് കേന്ദ്രഗവൺമെന്റ് എപ്പോഴെല്ലാം ഇന്ധനം അലോട്ട് ചെയ്തിട്ടുണ്ട് ;

(ബി) എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുവാനുള്ള ഇന്ധനമാണ് ഓരോ തവണയും അനുവദിച്ചത് ;

(സി) സംസ്ഥാനത്ത് താപവൈദ്യുതി നിലയങ്ങൾ സ്ഥാപിക്കുന്നതിനായി ഈ ഇന്ധനം അനുവദിച്ചുകിട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ആരെല്ലാം അപേക്ഷിച്ചിരുന്നു ;

(ഡി) ഇവർ ഓരോരുത്തരും എത്ര വീതം വൈദ്യുതി ഉല്പാദിപ്പിക്കുവാനുള്ള ഇന്ധനം ലഭിക്കണമെന്നാണ് ആവശ്യപ്പെട്ടത് എന്ന് വ്യക്തമാക്കാമോ ;

(ഇ) ഓരോത്തർക്കും എത്ര വീതം വൈദ്യുതി ഉല്പാദിപ്പിക്കുവാനാണ് ഇന്ധനം അനുവദിച്ചത് ;

(എഫ്) ഇതിൽ ആരെല്ലാം താപവൈദ്യുതി നിലയങ്ങൾ സ്ഥാപിക്കുവാനുള്ള പണി ആരംഭിച്ചു ;

(ജി) ഇന്ധനം കിട്ടിയ ആരെങ്കിലും താപവൈദ്യുതി നിലയത്തിന്റെ പണി ആരംഭിക്കാതെയുണ്ടോ ; ഉണ്ടെങ്കിൽ ആരെല്ലാം ;

(എച്ച്) ഇന്ത്യൻ സംസ്ഥാനങ്ങളിൽ വൈദ്യുതി നിരക്കിന്റെ കാര്യത്തിൽ കേരളത്തിന്റെ സ്ഥാനം എത്രാമതാണെന്ന് വെളിപ്പെടുത്തുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം താപനിലയങ്ങൾ സ്ഥാപിക്കുന്നതിനായി സംസ്ഥാനത്ത് കേന്ദ്ര ഗവൺമെന്റ് അന്ന് നിലവിലുണ്ടായിരുന്ന കേന്ദ്രനയമനുസരിച്ചുള്ള കാട്ട സമ്പ്രദായത്തിനു വിധേയമായി 1996-ൽ 660 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനുള്ള ഇന്ധനം

LIBRARY ARCHIVES Kerala Legislative Assembly